എ.വൈ.ആർ


സൂറഃ-9

# അത്തൗബ

وَمِنَ ٱلْأَعْرَابِ مَن يَتَّخِذُ مَا يُنفِقُ مَغْرَمًا وَيَتَرَبَّصُ بِكُمُ ٱلدَّوَآئِرَ ۚ
عَلَيْهِمْ دَآئِرَةُ ٱلسَّوْءِ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٩٨﴾

98. ദൈവിക മാർഗത്തിൽ ചെലവഴിക്കുന്നതെന്തും പിടിച്ചുപറിയായി കണക്കാക്കുന്ന ചിലരും ബദവികളുടെ കൂട്ടത്തിലുണ്ട്. നിങ്ങൾക്ക് ആപത്തണയുന്നതും കാത്തിരിക്കുകയാണവർ. എന്നാൽ ആപത്തണയാൻ പോകുന്നതവർക്കു തന്നെയാകുന്നു. അല്ലാഹു എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നുണ്ട്.

وَمِنَ ٱلْأَعْرَابِ مَن يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَيَتَّخِذُ مَا
يُنفِقُ قُرُبَٰتٍ عِندَ ٱللَّهِ وَصَلَوَٰتِ ٱلرَّسُولِ ۚ أَلَآ إِنَّهَا قُرْبَةٌ لَّهُمْ ۚ سَيُدْخِلُهُمُ
ٱللَّهُ فِى رَحْمَتِهِۦٓ ۗ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٩٩﴾

99. അല്ലാഹുവിലും അന്ത്യനാളിലും ആത്മാർഥമായി വിശ്വസിക്കുകയും, ധർമമാർഗത്തിൽ ചെലവഴിക്കുന്നതിനെ അല്ലാഹുവിങ്കൽ സാമീപ്യവും ദൈവദൂതന്റെ അനുഗ്രഹ പ്രാർഥനയും ലഭിക്കുന്നതിനു മാധ്യമമായി കരുതുകയും ചെയ്യുന്നവരും ബദവികളുടെ കൂട്ടത്തിലുണ്ട്. അതെ, തീർച്ചയായും അതവർക്കു ദൈവ സാമീപ്യ മാധ്യമം തന്നെയാണ്. അല്ലാഹു അവരെ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാകുന്നു. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ.

وَٱلسَّٰبِقُونَ ٱلْأَوَّلُونَ مِنَ ٱلْمُهَٰجِرِينَ وَٱلْأَنصَارِ وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَٰنٍ
رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ وَأَعَدَّ لَهُمْ جَنَّٰتٍ تَجْرِى تَحْتَهَا ٱلْأَنْهَٰرُ
خَٰلِدِينَ فِيهَآ أَبَدًا ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٠٠﴾

100. ദൈവിക സന്ദേശം കൈക്കൊള്ളുന്നതിൽ പ്രഥമന്മാരായി മുന്നേറിയ മുഹാജിറുകളും അൻസ്വാറുകളും പിൽക്കാലത്ത് അവരെ ഭംഗിയായി പിന്തുടർന്നവരുമുണ്ടല്ലോ, അവരിലൊക്കെയും അല്ലാഹു സംപ്രീതനായിരിക്കുന്നു. അല്ലാഹുവിൽ അവരും സംപ്രീതരായിരിക്കുന്നു. അവർക്കവൻ താഴ്ഭാഗങ്ങളിലൂടെ ആറുകളൊഴുകുന്ന ആരാമങ്ങൾ ഒരുക്കിവെച്ചിട്ടുണ്ട്. അതിലവർ എന്നെന്നും വസിക്കുന്നവരായിരിക്കും. അതത്രെ മഹത്തായ വിജയം.

وَمِمَّنْ حَوْلَكُم مِّنَ ٱلْأَعْرَابِ مُنَٰفِقُونَ ۖ وَمِنْ أَهْلِ ٱلْمَدِينَةِ ۖ
مَرَدُوا۟ عَلَى ٱلنِّفَاقِ لَا تَعْلَمُهُمْ ۖ نَحْنُ نَعْلَمُهُمْ ۚ سَنُعَذِّبُهُم مَّرَّتَيْنِ
ثُمَّ يُرَدُّونَ إِلَىٰ عَذَابٍ عَظِيمٍ ﴿١٠١﴾

101. നിങ്ങൾക്കു ചുറ്റുമുള്ള ബദവികളിൽ വളരെപേർ കപടവിശ്വാസികളാകുന്നു. നഗരവാസികളിലുമുണ്ട് പഠിച്ച കപടന്മാർ. അവരെ നിങ്ങൾ അറിയുന്നില്ല; നാം അറിയുന്നുണ്ട്. നാമവരെ രണ്ടുവട്ടം ശിക്ഷിക്കും. പിന്നീടവർ അതിഭയാനകമായ ശിക്ഷയിലേക്ക് തള്ളപ്പെടുന്നതാകുന്നു.

وَمِنَ ٱلْأَعْرَابِ= ഈ ബദവികളുടെ കൂട്ടത്തിലുണ്ട് مَن= ചിലർ(രും) يَتَّخِذُ= എടുക്കുന്നു(കണക്കാക്കുന്നു)
مَا يُنفِقُ= ചെലവഴിക്കുന്നത്(എന്തും) مَغْرَمًا= ധനനഷ്ടമായി(പിടിച്ചുപറിയായി)
وَيَتَرَبَّصُ بِكُمُ= നിങ്ങൾക്ക് അവൻ കാത്തിരിക്കുകയാണ് ٱلدَّوَآئِرَ= (ആപത്തണയുന്നതും) ആപത്തുകാലം, കാലവിപത്തുകൾ
عَلَيْهِمْ= (അവർക്കുതന്നെയാകുന്നു) അവരുടെ മേൽ دَآئِرَةُ ٱلسَّوْءِ= (ആപത്തണയാൻപോകുന്നത്) ചീത്തകാലം

وَٱللَّهُ سَمِيعٌ= അല്ലാഹു എല്ലാം കേൾക്കു(കയും)ന്നവൻ عَلِيمٌ= അറിയുന്നവനും(അറിയുകയും ചെയ്യുന്നുണ്ട്)

وَمِنَ ٱلْأَعْرَابِ= ബദവി അറബികളുടെ കൂട്ടത്തിലുണ്ട്

مَن يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْآخِرِ = (വിശ്വസിക്കുകയും) അല്ലാഹുവിലും അന്ത്യനാളിലും(ആത്മാർഥമായി) വിശ്വസിക്കുന്നവൻ

وَيَتَّخِذُ مَا يُنفِقُ= (ധർമമാർഗത്തിൽ) ചെലവഴിക്കുന്നതിനെ എടുക്കുന്നവനും (കരുതുകയും ചെയ്യുന്നവൻ)

قُرُبَٰتٍ= സാമീപ്യങ്ങൾ (ദൈവസാമീപ്യ മാധ്യമങ്ങൾ)ആയി عِندَ ٱللَّهِ= അല്ലാഹുവിങ്കൽ

وَصَلَوَٰتِ= (പ്രാർഥന ലഭിക്കുന്നതിനുള്ള മാധ്യമമായും) (അനുഗ്രഹ) പ്രാർഥനയും ٱلرَّسُولِ= ദൈവദൂതന്റെ أَلَآ= (അതെ) അറിയുക

إِنَّهَا قُرْبَةٌ= അത്(ദൈവ)സാമീപ്യ(മാർഗ)ം തന്നെയാകുന്നു لَّهُمْ= അവർക്ക് سَيُدْخِلُهُمُ ٱللَّهُ= ശേഷം അല്ലാഹു അവരെ പ്രവേശിപ്പിക്കും

فِى رَحْمَتِهِۦٓ= അവന്റെ കാരുണ്യത്തിൽ إِنَّ ٱللَّهَ= തീർച്ചയായും അല്ലാഹു غَفُورٌ= (നും) ഏറെ പൊറുക്കുന്നവൻ رَّحِيمٌ= ദയാപരനു(മല്ലോ)ം

وَٱلسَّٰبِقُونَ= (ദൈവിക സന്ദേശം കൈക്കൊള്ളുന്നതിൽ)മുന്നേറിയവർ ٱلْأَوَّلُونَ= (ആയ) പ്രഥമന്മാർ

مِنَ ٱلْمُهَٰجِرِينَ= മുഹാജിറുകളിൽനിന്ന് وَٱلْأَنصَارِ= അൻസ്വാറുകളിൽനിന്നും وَٱلَّذِينَ ٱتَّبَعُوهُم= (പിൽക്കാലത്ത്)അവരെ പിന്തുടർന്നവരും

بِإِحْسَٰنٍ= ഭംഗിയായി رَّضِىَ ٱللَّهُ عَنْهُمْ= അല്ലാഹു അവരിൽ സംപ്രീതനായിരിക്കുന്നു وَرَضُوا۟ عَنْهُ= അവർ അവനിലും സംപ്രീതരായിരിക്കുന്നു

وَأَعَدَّ= അവൻ ഒരുക്കിവെച്ചിരിക്കുന്നു لَهُمْ= അവർക്ക് جَنَّٰتٍ تَجْرِى تَحْتَهَا ٱلْأَنْهَٰرُ= താഴ്ഭാഗത്തിലൂടെ ആറുകൾ ഒഴുകുന്ന ആരാമങ്ങൾ

خَٰلِدِينَ فِيهَآ= അവർ അതിൽ നിത്യവാസികളായ നിലയിൽ أَبَدًا= എന്നെന്നും ذَٰلِكَ= അത്(അത്രെ) ٱلْفَوْزُ= വിജയം, നേട്ടം

ٱلْعَظِيمُ= വമ്പിച്ച, മഹത്തായ وَمِمَّنْ حَوْلَكُم= നിങ്ങളുടെ ചുറ്റുമുള്ളവരിൽ(വളരെപേർ ആകുന്നു)ഉണ്ട്

مِّنَ ٱلْأَعْرَابِ= ഗ്രാമീണ അറബി(ബദവി)കളിൽ مُنَٰفِقُونَ= കപടവിശ്വാസികൾ

وَمِنْ أَهْلِ ٱلْمَدِينَةِ= നഗരവാസികളിലും (മദീനക്കാരിലും)ഉണ്ട്

مَرَدُوا۟ عَلَى ٱلنِّفَاقِ= (പഠിച്ച കപടവിശ്വാസികൾ) കപടവിശ്വാസത്തിന്മേൽ അവർ ശഠിച്ചുനിന്നു لَا تَعْلَمُهُمْ= അവരെ നിങ്ങൾ അറിയുന്നില്ല

نَحْنُ= നാം نَعْلَمُهُمْ= അവരെ അറിയുന്നുണ്ട് سَنُعَذِّبُهُم= നാം അവരെ ശിക്ഷിക്കും مَّرَّتَيْنِ= രണ്ടുവട്ടം ثُمَّ= പിന്നെ

يُرَدُّونَ= (താകുന്നു)) അവർ തള്ളപ്പെടുന്ന إِلَىٰ عَذَابٍ= ശിക്ഷയിലേക്ക് عَظِيمٍ= അതിഭയങ്കരമായ

**98:** ബദുക്കളിൽ ചിലർ ധർമവിഷയത്തിൽ വല്ലതും ചെലവഴിക്കേണ്ടിവരുന്നത് വലിയ ധനനഷ്ടമായി കരുതുന്നു. അവരിൽനിന്ന് സകാത്തും സ്വദഖയും വാങ്ങുന്നത് പിടിച്ചുപറിയായും കാണുന്നു. مَغْرَمًا എന്ന മൂലപദത്തെയാണ് 'പിടിച്ചുപറി' എന്ന് തർജമ ചെയ്തിട്ടുള്ളത്. غرم എന്ന മൂലത്തിൽനിന്നുള്ളതാണീ പദം. ഒരാൾക്ക് സ്വന്തം കുറ്റംകൊണ്ടല്ലാതെ ഉണ്ടാകുന്ന ധനനഷ്ടമാണ് غرم. ഇതിൽനിന്നുള്ള غريم തിരിച്ചുകൊടുക്കാനാവാത്ത കടബാധ്യതയുള്ളവനെ സൂചിപ്പിക്കാനും, തിരിച്ചുകിട്ടാൻ വഴിയില്ലാത്ത കടംകൊടുത്തവനെ സൂചിപ്പിക്കാനും ഉപയോഗിക്കുന്നു. അന്യായമായ ധനനഷ്ടമാണ് مغرم. ഇത് مُغرَم എന്നാകുമ്പോൾ, ഒരുകാര്യത്തിൽ അമിതമായി വ്യാപരിക്കുന്നവൻ എന്ന അർഥവും ഉണ്ടാകുന്നു. സ്ത്രീജിതനെ مُغرَم بالنساء എന്നുപറയും.

ദീനീ കാര്യങ്ങളിലുള്ള ധനവ്യയത്തെ مغرم ആയി കാണുന്നത് അവരുടെ അവിശ്വാസത്തിന്റെയും കാപട്യത്തിന്റെയും ലക്ഷണമാണ്. യഥാർഥ വിശ്വാസികൾ ദൈവമാർഗത്തിൽ ചെലവഴിക്കുന്നത് സന്മനസ്സോടെ, ദൈവപ്രീതി കാംക്ഷിച്ചുകൊണ്ടായിരിക്കും. തങ്ങൾ ചെലവഴിച്ചതെന്തും പരലോകത്തിനുവേണ്ടി അല്ലാഹുവിങ്കൽ നിക്ഷേപിച്ച ധനമായിട്ടാണവർ കാണുക. ധർമവിഷയത്തിൽ വല്ലതും ചെലവഴിക്കേണ്ടിവരുന്നത് പിടിച്ചുപറിയായി കാണുന്ന കപടന്മാർ അതിൽനിന്നും രക്ഷപ്പെടാൻ ഇസ്‌ലാം എങ്ങനെയെങ്കിലും തകർന്നുപോകുന്നതും കാത്തിരിക്കുകയാണ്. പക്ഷേ, തകർച്ച ബാധിക്കാൻ പോകുന്നത് അവരെത്തന്നെയാണ്. دائرةന്റെ ബഹുവചനമാണ് دوائر. വൃത്തവും വൃത്തരേഖയുമാണ് ഭാഷാർഥത്തിലുള്ള دائرة. കാലാന്തരത്തിലുണ്ടാകുന്ന ക്ഷതം, കാലവിപത്ത്, സമയദോഷം, ആപത്ത് എന്നൊക്കെ പ്രയോഗാർഥം. ചീത്തയും ദോഷവുമാണ് ٱلسَّوْءِ. ദാഇറത്ത് എന്നുമാത്രം പറഞ്ഞാലുള്ള അർഥംതന്നെയാണ് ദാഇറത്തുസ്സൗഇനും ഉള്ളത്. എങ്കിലും ഇവിടെ, മുസ്‌ലിംകൾക്ക് അവർ കാത്തിരിക്കുന്ന തകർച്ചയെക്കാൾ വഷളായതാണ് അവർ നേരിടാനിരിക്കുന്ന തകർച്ച എന്ന ധ്വനിയുണ്ട്.

കാലാന്തരത്തിൽ ഇസ്‌ലാം സ്വയം തകർന്നുപോകുമെന്നോ ആരെങ്കിലും അതിനെ തകർക്കുമെന്നോ ഉള്ള കപടന്മാരുടെ വിചാരം വെറും വ്യാമോഹമാണ്. തകരാൻ പോകുന്നത് അവർതന്നെയാണ്. അത് ഏറെ പരിതാപകരമായ തകർച്ചയായിരിക്കുകയും ചെയ്യും. അവർ പറയുന്നതൊക്കെ അല്ലാഹു കേൾക്കുന്നുണ്ട്. അവരുടെ ചെയ്തികളെല്ലാം കാണുന്നുമുണ്ട്. ഈ അറിവനുസരിച്ചായിരിക്കും ഇഹത്തിലും പരത്തിലും അവരോടുള്ള അവന്റെ സമീപനം.

**99:** അടുത്തു എന്നർഥമുള്ള قَرُب യിൽനിന്നുള്ള قُربةന്റെ ബഹുവചനമാണ് قُرُبَٰتٍ. എല്ലാതരം അടുപ്പത്തെയും കുറിക്കുന്ന പദമാണ് قرب. അടുത്തത്, قريب. വംശപരമായ അടുപ്പത്തിന് قرابة എന്നു പറയുന്നു. أقرباء ബന്ധുക്കളാണ്. ദൈവസാമീപ്യത്തിനു മാധ്യമമായിത്തീരുന്ന തഖ്‌വ, ധർമം, ദാനം, നന്മ തുടങ്ങിയ കാര്യങ്ങളാണ് قربة. ദൈവസാമീപ്യം تقرّب. ഈ സന്ദർഭത്തിൽ صَلَوَٰتِ ഉപയോഗിച്ചിട്ടുള്ളത് പ്രാർഥന എന്ന അതിന്റെ ഭാഷാർഥത്തിലാണ്.

ബദുക്കളിലെ കപടന്മാരെ വിമർശിച്ചതിനെത്തുടർന്ന്, ഖുർആന്റെ പതിവനുസരിച്ച് അക്കൂട്ടത്തിലെ സജ്ജനങ്ങളെ അനുസ്മരിക്കുകയും അനുമോദിക്കുകയുമാണ് ഈ സൂക്തം.

അല്ലാഹുവിലും അന്ത്യനാളിലും ദൃഢമായും ആത്മാർഥമായും വിശ്വസിക്കുന്നവരും ബദുക്കളിലുണ്ട്. കപടന്മാരെപ്പോലെ തങ്ങൾ ധർമമാർഗത്തിൽ ചെലവഴിക്കുന്നതൊക്കെ മഹാനഷ്ടമായി അവർ കരുതുന്നില്ല. മറിച്ച്, തങ്ങളുടെ ധനവ്യയങ്ങൾ അല്ലാഹുവിന്റെ സാമീപ്യം സിദ്ധിക്കുന്നതിനും പ്രവാചകന്റെ അനുഗ്രഹ പ്രാർഥന ലഭിക്കുന്നതിനുമുള്ള മാധ്യമമായിട്ടാണവർ കരുതുന്നത്. ധർമമാർഗത്തിൽ ചെലവഴിക്കുന്നത് അല്ലാഹുവിങ്കൽ നിക്ഷേപിക്കുന്നതാണ്. അല്ലാഹുവിങ്കൽ നിക്ഷേപിക്കുന്നതു വളർന്നുകൊണ്ടിരിക്കും. ഈ ധനവ്യയം പ്രവാചകന്റെ അനുഗ്രഹ പ്രാർഥനയും തങ്ങൾക്കുനേടിത്തരുന്നുണ്ട്. അത് ഈ ലോകത്തും തങ്ങളുടെ സമ്പത്തു വർധിപ്പിച്ചുകൊണ്ടിരിക്കും. ദാനധർമങ്ങൾ, സമ്മാനങ്ങൾ, സംഭാവനകൾ മുതലായവയുമായി വരുന്ന ആളുകൾക്കുവേണ്ടി, അതു സ്വീകരിക്കുമ്പോൾ തന്നെ പ്രവാചകൻ പ്രാർഥിക്കാറുണ്ടായിരുന്നതായി ഹദീസുകളിൽ പറയുന്നുണ്ട്. ചില പണ്ഡിതന്മാർ ഈ വാക്യത്തിന് ഇങ്ങനെയും അർഥം നൽകിയിട്ടുണ്ട്: 'അവർ ചെലവഴിക്കുന്നതും പ്രവാചകന്റെ പ്രാർഥനയും ദൈവ സാമീപ്യത്തിനുള്ള മാർഗമായി അവർ കാണുന്നു.' 80-ാം സൂക്തത്തിൽ കപടവിശ്വാസികൾക്കുവേണ്ടി പ്രവാചകൻ പാപമോചനം തേടുന്നതും, 84-ാം സൂക്തത്തിൽ അവർക്കുവേണ്ടി മയ്യിത്തു നമസ്കാരം നടത്തുന്നതും അവരുടെ ഖബറിന്നടുത്തുചെന്ന് പ്രാർഥിക്കുന്നതും വിലക്കിയിട്ടുണ്ടല്ലോ. കപടന്മാർക്ക് അവരുടെ കാപട്യംമൂലം വിലക്കപ്പെട്ട രണ്ടുകാര്യങ്ങളും, യഥാർഥ വിശ്വാസികൾക്ക് അവരുടെ നിഷ്കളങ്കതമൂലം ലഭ്യമാകുന്നു എന്ന് സൂചിപ്പിച്ചിരിക്കുകയാണിവിടെ. പക്ഷേ, തുടർന്നുള്ള إنها قربة എന്ന ഏകവചന പരാമർശം ഈ വ്യാഖ്യാനത്തിന്റെ ബലം കുറക്കുന്നുണ്ട്. ധനവ്യയവും പ്രവാചകന്റെ പ്രാർഥനയും ദൈവസാമീപ്യത്തിന്റെ വിവിധ മാധ്യമങ്ങളായിട്ടാണ് പറഞ്ഞതെങ്കിൽ ഇവിടെയും قُرُبَٰتٍ എന്ന ബഹുവചനംതന്നെ വരേണ്ടതല്ലേ? إنها എന്നതിലെ സ്ത്രീലിംഗ സർവനാമം ഉപര്യുക്തമായ രണ്ടിൽ ഓരോന്നിനെയും സൂചിപ്പിക്കുന്നു എന്നാണതിനു നൽകപ്പെടുന്ന വിശദീകരണം. രണ്ടു വ്യാഖ്യാനങ്ങളുടെയും കാതലായ ആശയം ഒന്നുതന്നെയാണ്.

**100:** ഇസ്‌ലാമിക സമൂഹ സൗധത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ആരാണെന്നു വ്യക്തമാക്കിക്കൊണ്ട് അവർക്കു ശുഭവാർത്ത നൽകുകയാണീ സൂക്തം. ദൃഢവിശ്വാസികളും നാമമാത്ര വിശ്വാസികളും കപടവിശ്വാസികളും എല്ലാം ഉൾപ്പെട്ട ഈ സമൂഹത്തിന്റെ യഥാർഥ മൂലധനം, നിഷ്കളങ്കമായ സത്യസന്ധതയാലും ധാർമികബോധത്താലും പ്രേരിതരായി പ്രവാചക സന്ദേശം സ്വീകരിക്കാൻ അഹമഹമികയാ മുന്നോട്ടുവരികയും ദീനിന്റെ അനുശാസനങ്ങൾ നിഷ്കളങ്കമായി അനുസരിക്കുകയും ചെയ്ത ആദ്യകാല മുസ്‌ലിംകളും, ആ മുൻഗാമികളുടെ കാൽപാടുകൾ ഏറ്റം ഭംഗിയായി പിന്തുടർന്ന പിൽക്കാല വിശ്വാസികളുമാണ്. ദീനിനുവേണ്ടി നാടും വീടും ത്യജിച്ച മുഹാജിറുകൾ, പ്രവാചകനെയും മുഹാജിറുകളെയും സ്വീകരിക്കുകയും സംരക്ഷിക്കുകയും തങ്ങൾക്കുള്ളതെല്ലാം അവർക്കു പങ്കുവെക്കുകയും ചെയ്ത അൻസ്വാറുകൾ, പിന്നെ ഈ രണ്ടുകൂട്ടരുടെയും പാരമ്പര്യം പിന്തുടർന്നവർ എന്നിങ്ങനെയാണ് അവരുടെ മുൻഗണനാക്രമം.

മറ്റുള്ളവരുടെ മുന്നിൽകടക്കൽ എന്നർഥമുള്ള سبق ഇൽ നിന്നുള്ള കർതൃ ബഹുവചനമാണ് سابقون. മത്സരിച്ചു മുന്നേറുന്നവർ എന്നും ഇതിനർഥമുണ്ട്. മുന്നിൽകടക്കാനുള്ള പരസ്പര മത്സരമാണ് مسابقة. ٱلۡأَوَّلُونَ പ്രഥമന്മാർ, ഒന്നാമന്മാർ എന്ന വിശേഷണം എല്ലാ മുഹാജിറുകളെയും അൻസ്വാറുകളെയും ഉൾക്കൊള്ളുന്നതാവാം; ആദ്യകാല മുഹാജിറുകളെയും അൻസ്വാറുകളെയും മാത്രം ഉദ്ദേശിച്ചുള്ളതുമാകാം. അങ്ങനെയാണ് അധിക പണ്ഡിതന്മാരും വ്യാഖ്യാനിച്ചിട്ടുള്ളത്. ബദ്ർ യുദ്ധത്തിന് മുമ്പ് മദീനയിലെത്തിയ മുഹാജിറുകളാണ് പ്രഥമന്മാർ -ٱلۡأَوَّلُونَ- എന്ന് ചിലർ പറയുന്നു. ഒന്നാം അഖബ ഉടമ്പടിയിൽ പങ്കെടുത്ത പന്ത്രണ്ടു മദീനക്കാരും രണ്ടാം അഖബ ഉടമ്പടിയിൽ പങ്കെടുത്ത 75 മദീനക്കാരുമാണ് പ്രഥമന്മാരായ അൻസ്വാറുകൾ. ചിലരുടെ വീക്ഷണത്തിൽ ബൈഅത്തുർരിദ്‌വാനിൽ പങ്കെടുത്തവരാണ് പ്രഥമന്മാരായ മുഹാജിറുകളും അൻസ്വാറുകളും. അതിസങ്കീർണവും നിർണായകവും ക്ലിഷ്ടവുമായ ചരിത്രസന്ധിയാണ് ബദ്ർയുദ്ധ വിജയംവരെ മുസ്‌ലിംകൾ തരണം ചെയ്തുകൊണ്ടിരുന്നത്. ചിലർ ഈ സന്ദിഗ്ധാവസ്ഥ ബൈഅത്തുർരിദ്‌വാൻ വരെ നീണ്ടതായി കണക്കാക്കുന്നു. ഈ കാലയളവിൽ ഇസ്‌ലാം സ്വീകരിച്ച് മദീനയിലെത്തിയ മുഹാജിറുകളും അവർക്കഭയം നൽകിയ അൻസ്വാറുകളും ദൈവപ്രീതിമാത്രം ലക്ഷ്യമാക്കിയ നിസ്വാർഥരായ ദൃഢവിശ്വാസികളായിരുന്നു. അവരുടെ ശ്രേഷ്ഠതയും പദവിയും അവർക്കു മാത്രമുള്ളതാണ്. അത് മറ്റാർക്കും പ്രാപിക്കാനാവില്ല. ഇസ്‌ലാമിന്റെ നിലനിൽപ് ഭദ്രമായശേഷം കടന്നുവന്ന നിസ്വാർഥരും നിഷ്കളങ്കരുമായ വിശ്വാസികളും ശ്രേഷ്ഠരും മഹത്വമുള്ളവരും തന്നെ. എങ്കിലും ആദ്യകാല മുഹാജിറുകളുടെയും അൻസ്വാറുകളുടെയും താഴെയാണവരുടെ സ്ഥാനം.

ഭൗതികമായ യാതൊരു നേട്ടവും പ്രതീക്ഷിക്കാനില്ലാത്ത സാഹചര്യത്തിൽ ദീനിനുവേണ്ടി നടത്തുന്ന ഹിജ്‌റയും മുഹാജിറുകൾക്കഭയം നൽകലും നിഷ്കളങ്കമായ ദൈവഭക്തിയുടെയും ദൃഢവിശ്വാസത്തിന്റെയും ആദർശവീര്യത്തിന്റെയും ത്യാഗസന്നദ്ധതയുടെയും തെളിവാണ്. അതേ അളവിൽ വിശ്വാസ ദാർഢ്യവും ഭക്തിയും ത്യാഗസന്നദ്ധതയുമുള്ളവർ പിൽക്കാലത്തും ഉണ്ടാവാം. അവർക്കും ആദ്യകാല മുഹാജിറുകളുടെയും അൻസ്വാറുകളുടെയും ശ്രേഷ്ഠതയും മഹത്വവും ലഭിക്കുന്നതാണ്. ഇതാണ് മറ്റൊരു അഭിപ്രായം. ഇതിനുപോൽബലകമായി ഉന്നയിക്കപ്പെടുന്ന പ്രധാനതെളിവ് സൂറ *അൽവാഖിഅ* യിലെ 10-14 സൂക്തങ്ങളാണ്:

وَٱلسَّٰبِقُونَ ٱلسَّٰبِقُونَ ﴿١٠﴾ أُوْلَٰٓئِكَ ٱلۡمُقَرَّبُونَ ﴿١١﴾ فِي جَنَّٰتِ ٱلنَّعِيمِ ﴿١٢﴾ ثُلَّةٞ مِّنَ ٱلۡأَوَّلِينَ ﴿١٣﴾ وَقَلِيلٞ مِّنَ ٱلۡأٓخِرِينَ ﴿١٤﴾

(നന്മയിൽ മുന്നേറുന്നവർ മുന്നേറുന്നവർ തന്നെ. അവരാണ് ഏറ്റം ദൈവസാമീപ്യം സിദ്ധിക്കുന്നവർ. അവർ അനുഗൃഹീതമായ ആരാമങ്ങളിലാകുന്നു. അത്തരക്കാർ മുൻഗാമികളിൽ വളരെപ്പേരുണ്ട്; കുറച്ചാളുകൾ പിൻഗാമികളിലുമുണ്ട്). മുഹമ്മദീയ സമൂഹത്തിൽ സ്വഹാബത്തിന്റെ ശ്രേഷ്ഠത പ്രാപിക്കുന്നവർ വിരളമായെങ്കിലും അന്ത്യനാൾവരെ ഉണ്ടായിക്കൊണ്ടിരിക്കുമെന്നാണിതു സൂചിപ്പിക്കുന്നത്. മുഹാജിറുകളിലും അൻസ്വാറുകളിലും അവർക്ക് തൊട്ടുപിറകെയുള്ള വിശ്വാസികളിലുംപെട്ട സാബിഖുകളെ(മുന്നേറിയവർ) കുറിച്ചാണ് സൂക്തം സംസാരിക്കുന്നത് എന്നത് അവിതർക്കിതമാണ്. പക്ഷേ, അവർ മാത്രമേ സാബിഖുകളായി ഉണ്ടാകൂ എന്ന് അതിനർഥമില്ല. അവർ അഭിമുഖീകരിക്കേണ്ടിവന്നതുപോലുള്ള പരീക്ഷണങ്ങൾ നേരിടേണ്ടിവരികയും അവർ തരണം ചെയ്തതുപോലെ അതിനെ തരണം ചെയ്യുകയും അവർ കാഴ്ചവെച്ചതുപോലുള്ള മഹത്തായ സേവനങ്ങൾ കാഴ്ചവെക്കുകയും ചെയ്യാനുള്ള അവസരങ്ങൾ അപൂർവമായെങ്കിലും പിൽക്കാലത്തും ഉണ്ടാവാം. ചരിത്രത്തിൽ അതിനുദാഹരണങ്ങൾ കാണാം. അത്തരം

സന്ദർഭങ്ങളിൽ അവരുടെ അതേ പാതയിൽ തന്നെ ചരിക്കുന്നവരാണ് وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَٰنٍ (അവരെ ഭംഗിയായി പിന്തുടർന്നവർ). إحسان ന്റെ അർഥം നേരത്തെ 91-ാം സൂക്തത്തിനു താഴെ വിവരിച്ചിട്ടുണ്ട്. ഇവിടെ അതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത് ചിന്തയിലും പ്രവൃത്തിയിലും അല്ലെങ്കിൽ ആന്തരികമായും ബാഹ്യമായും അവരെപോലെ ജീവിക്കുകയാണ്.

അല്ലാഹു അവരിലും അവർ അവനിലും സംപ്രീതരായിരിക്കുന്നു- رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ -എന്നത് സാബിഖുകൾക്കുള്ള ശുഭാശംസയും അംഗീകാരവുമാണ്. മനുഷ്യന് അല്ലാഹുവിങ്കൽനിന്ന് നേടാവുന്ന ഏറ്റവും വലിയ പുരസ്കാരമാണത്. തന്റെ മാർഗത്തിൽ ദാസന്മാർ പുലർത്തണമെന്ന് അല്ലാഹു ഉദ്ദേശിച്ച സത്യസന്ധതയും ധർമനിഷ്ഠയും സ്ഥൈര്യവും നിശ്ചയദാർഢ്യവും ത്യാഗസന്നദ്ധതയുമെല്ലാം ശരിക്കും പുലർത്തുകയും, തങ്ങളുടെ കഴിവുകളെല്ലാം ആ മാർഗത്തിൽ വിനിയോഗിക്കുകയും, അല്ലാഹുവിന്റെ വൈരിയായ ചെകുത്താൻ അവരെ വശീകരിക്കാൻ നടത്തിയ സകല കുതന്ത്രങ്ങളെയും പരാജയപ്പെടുത്തുകയും ചെയ്തതുകൊണ്ടാണ് അല്ലാഹു അവരിൽ പ്രീതിപ്പെടുന്നത്. തങ്ങൾക്കു സത്യവിശ്വാസം കൈക്കൊള്ളുവാൻ ഉതവിയരുളിയതും പ്രതിബന്ധങ്ങളെ ക്ഷമാപൂർവം നേരിട്ടും ത്യാഗമനുഷ്ഠിച്ചും വിശ്വാസത്തിലുറച്ചുനിൽക്കാനുള്ള ശക്തിയും സ്ഥൈര്യവും പ്രദാനം ചെയ്തതും പരീക്ഷണഘട്ടങ്ങളിൽ സഹായങ്ങൾ നൽകിയതും അല്ലാഹുവാണെന്ന തിരിച്ചറിവും തങ്ങളുടെ സേവനങ്ങൾക്കെല്ലാം പരലോകത്ത് അവർണനീയമായ പ്രതിഫലം ലഭിക്കുമെന്ന ഉറച്ച പ്രതീക്ഷയും അവരെ അല്ലാഹുവിലും സംതൃപ്തരാക്കുന്നു.

وَأَعَدَّ لَهُمْ എന്നു തുടങ്ങുന്ന വാക്യം, അവരുടെ പ്രതീക്ഷ അസ്ഥാനത്തല്ലെന്നും അല്ലാഹുവിന്റെ പ്രീതിയുടെ ഫലം അതു തന്നെയാണെന്നും വ്യക്തമാക്കുന്നു. ഭൗതിക ജീവിതം ക്ഷണികമാണ്. അതിലുണ്ടാകുന്ന നേട്ടങ്ങളും നഷ്ടങ്ങളും സുഖങ്ങളും ദുഃഖങ്ങളുമെല്ലാം താൽക്കാലികമാണ്; സത്യത്തിനും ധർമത്തിനും വേണ്ടി നടത്തിയ പ്രയത്നങ്ങളൊഴിച്ച്. അതെല്ലാം പരലോക ജീവിതത്തിലേക്കായി നിലനിൽക്കുന്നു. ആ മാർഗത്തിൽ ഇവിടെ ത്യാഗങ്ങളനുഷ്ഠിക്കുകയും നഷ്ടങ്ങൾ നേരിടുകയും ചെയ്യുമ്പോൾ അതുവഴി പരലോകത്ത് അവർക്കായി സ്വർഗീയ സൗധങ്ങൾ പടുത്തുയർത്തപ്പെടുകയാണ്. ഈ ലോകത്തെ കൊട്ടാരങ്ങൾ പോലെ ഏതാനും വർഷങ്ങൾ മാത്രം ജീവിക്കാനുള്ളതല്ല ആ സൗധങ്ങൾ. അത് എന്നെന്നും നിലനിൽക്കുന്നു. ധർമമാർഗത്തിൽ മുന്നേറിയവർ അതിൽ നിത്യമായി വസിക്കുന്നു. അതാണ് മനുഷ്യജീവിതംകൊണ്ട് നേടാവുന്ന ഏറ്റവും വലിയ നേട്ടം.

**101:** മുൻസൂക്തത്തിൽ, വിശ്വാസത്തിലും സൽകർമത്തിലും ഒന്നാമരായി മുന്നേറിയവരെ- وَٱلسَّٰبِقُونَ ٱلْأَوَّلُونَ -കുറിച്ചു പറഞ്ഞ ശേഷം ഈ സൂക്തം വീണ്ടും കപടന്മാരിലേക്ക് ശ്രദ്ധ തിരിക്കുകയാണ്. വിശ്വാസം അവകാശപ്പെടുന്ന എല്ലാവരും ഇക്കൂട്ടരെപ്പോലെ നിഷ്കളങ്കരല്ല. നിങ്ങളുടെ, അതായത് മദീനയിൽ വസിക്കുന്ന സത്യവിശ്വാസികളുടെ പരിസരവാസികളായ ഗ്രാമീണ അറബികളിൽ വളരെപ്പേർ കപടവിശ്വാസികളാണ്. മുസൈന, ജുഹൈന, അസ്‌ലം, ഗിഫാർ, അശ്ജഅ് തുടങ്ങിയ ഗോത്രങ്ങളെയാണ് ഈ സൂക്തം സൂചിപ്പിക്കുന്നതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ആത്മാർഥമായ കൂറും സഹകരണവുമൊന്നും അവരിൽനിന്ന് നിങ്ങൾ പ്രതീക്ഷിക്കേണ്ട. അവസരം കിട്ടിയാൽ വിശ്വാസികളെ വഞ്ചിക്കാൻ മടിക്കാത്തവരാണവർ. അതുകൊണ്ട് അവരുടെ നീക്കങ്ങൾ ജാഗ്രതയോടെ നിരീക്ഷിച്ചുകൊണ്ടിരിക്കണം. വിശ്വാസികളെ വഞ്ചിക്കാനും അപകടപ്പെടുത്താനുമുള്ള നീക്കം കണ്ടാൽ കർശനമായ നടപടിയെടുക്കുകയും വേണം. പഠിച്ച കപടന്മാർ മദീനക്കാരിൽതന്നെയുണ്ട്. അവർ ആരൊക്കെയെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. അത്രക്ക് ഗൂഢവും സമർഥവുമാണവരുടെ നടപടികൾ. എങ്കിലും നിങ്ങളതിൽ വിഷമിക്കേണ്ടതില്ല. അല്ലാഹു അവരെ നല്ലവണ്ണം അറിയുന്നുണ്ട്. നിങ്ങളറിയാതെ അവർ നടത്തുന്ന നീക്കങ്ങളെ അല്ലാഹു നേരിട്ടു പരാജയപ്പെടുത്തുന്നതാണ്. ഈ ലോകത്തുവച്ചുതന്നെ പലവട്ടം അല്ലാഹു അവരെ ശിക്ഷിക്കുന്നുണ്ട്. അനന്തരം അവർ അനന്തവും അതിഭയാനകവുമായ പരലോക ശിക്ഷയിലേക്ക് തള്ളപ്പെടുന്നു.

മൂലത്തിലെ مَرَدُوا۟ എന്ന വാക്ക് مرد യുടെ ബഹുവചനമാണ്. പരിചയിച്ചു, പരിശീലിച്ചു, നൈപുണ്യം നേടി, മിനുസമായി, ശഠിച്ചുനിന്നു എന്നൊക്കെ مرد ക്ക് അർഥമുണ്ട്. പ്രതലം മിനുസപ്പെടുത്തിയ വസ്തുവിനെ ممرد എന്നു പറയും. താടിമീശ മുളക്കാത്ത മിനുത്ത ചർമമുള്ള ആൺകുട്ടിയെ أمرد എന്നു പറയുന്നു. കറയറ്റ കാപട്യം പഠിച്ചുപയറ്റിയവർ എന്നാണ് مَرَدُوا۟ عَلَى ٱلنِّفَاقِ എന്ന പ്രയോഗത്തിന്റെ ഉദ്ദേശ്യം. ബദവികളുടെ കാപട്യം എത്ര കടുത്തതാണെങ്കിലും എളുപ്പത്തിൽ മനസ്സിലാകും. ജാഡകളും കൗശലങ്ങളും അവർക്ക് കുറവാണല്ലോ. കൂടുതൽ കൗശലക്കാരും ജാഡക്കാരുമാണ് നഗരവാസികൾ. അതാണ് മദീനക്കാരെ കുറിച്ചു പറഞ്ഞപ്പോൾ مَرَدُوا۟ عَلَى ٱلنِّفَاقِ എന്ന് എടുത്തു പറഞ്ഞത്. അടുത്ത സൂക്തത്തിൽ നന്മയും തിന്മയും കൂട്ടിക്കലർത്തിയ വിശ്വാസികളെ കുറിച്ചു പറയുന്നുണ്ട്. കപടവിശ്വാസികളുടെ കാപട്യത്തിൽ നന്മയുടെ യാതൊരംശവും കലർന്നിട്ടില്ല, അതു യാതൊരു കരടും കലർപ്പുമില്ലാത്ത, ശുദ്ധ കാപട്യം തന്നെയാണ് എന്ന സൂചനയും ഇവിടെയുണ്ട്.

سَنُعَذِّبُهُم مَّرَّتَيْنِ (നാം അവരെ രണ്ടുവട്ടം ശിക്ഷിക്കും) എന്ന പറഞ്ഞതു കൊണ്ടുദ്ദേശിക്കുന്നത് ഏതു ശിക്ഷകളാണെന്നു വ്യക്തമല്ല. കാപട്യം വെളിപ്പെടുന്നതിനെ തുടർന്ന് വിശ്വാസികളുടെ ഭാഗത്തുനിന്നും നേരിടേണ്ടിവരുന്ന ശിക്ഷാ നടപടികളും മരണാനന്തരം ഖബറിൽ നേരിടേണ്ടി വരുന്ന ശിക്ഷയുമാണ് ഉദ്ദേശ്യമെന്നാണ് അധിക പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത്. ഒരു ശിക്ഷ അവരുടെ ധനവും സ്ഥാനമാനങ്ങളും നഷ്ടപ്പെടുകയാണെന്നും രണ്ടാമത്തേത് അവരുടെ സന്തതികൾ അവർക്കെതിരെ ആത്മാർഥതയുള്ള വിശ്വാസികളായിത്തീരുന്നത് കാണേണ്ടിവരികയാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. മറ്റൊരഭിപ്രായം ഇതാണ്: രണ്ടുവട്ടം - مَّرَّتَيْنِ - എന്നു പറയുന്നത്, കൃത്യം രണ്ടുവട്ടം എന്ന അർഥത്തിലല്ല. പലവട്ടം ആവർത്തിച്ച് എന്നും അതിനർഥമുണ്ട്. ഖുർആൻ ثُمَّ ٱرْجِعِ ٱلْبَصَرَ كَرَّتَيْنِ (പിന്നെയും രണ്ടുവട്ടം ദൃഷ്ടിയെ മടക്കുക) എന്നു പറഞ്ഞിട്ടുള്ളത് ആവർത്തിച്ചുനോക്കുക എന്ന അർഥത്തിലാണല്ലോ. അതുപോലെ അല്ലാഹു ഈ ലോകത്ത് അവരെ ആവർത്തിച്ചു ശിക്ഷിച്ചുകൊണ്ടിരിക്കുമെന്നാണ് ഈ സന്ദർഭത്തിൽ سَنُعَذِّبُهُم مَّرَّتَيْنِ എന്ന വാക്യത്തിനർഥം. അവരുടെ ആഗ്രഹത്തിനു വിപരീതമായി, ഇസ്‌ലാമിക സമൂഹം അതിന്റെ ശത്രുക്കൾക്കെതിരെ നേടുന്ന ഓരോ വിജയവും അവർക്ക് ശിക്ഷയാണ്. സ്വന്തക്കാർ ഇസ്‌ലാമിന്റെ നിഷ്കളങ്കരായ അനുയായികളായിത്തീരുന്നതും അവർക്ക് ശിക്ഷയാണ്. ഖബറിൽ നേരിടേണ്ടിവരുന്നതും ശിക്ഷതന്നെ. മുൻ സൂക്തത്തിൽ സത്യവിശ്വാസികൾക്ക് നൽകിയ ٱلْفَوْزُ ٱلْعَظِيمُ എന്ന സുവിശേഷത്തിനു വിപരീതമായി, കപടവിശ്വാസികൾക്കു നൽകുന്ന താക്കീതാണ് ഈ സൂക്തത്തിലെ عَذَابٍ عَظِيمٍ. ■